പെൻഷനായി ലഭിക്കുന്നില്ല. അതുകൊണ്ട് ഇ.പി.എഫ് പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കുകയും അതോടൊപ്പം 1948-ലെ പി.എഫ് ആക്ടും ഇ.എസ്.ഐ. ആക്ടും പരിഷ്ക്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്യണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

എക്സൈസും തൊഴിലും വകുപ്പു മന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം): 1995-ലെ എംപ്ലോയീസ് പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരാണ്. ഈ പെൻഷൻ പദ്ധതിയിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുള്ളതിനാൽ തൊഴിലാളികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ ആശ്വാസം വരുന്ന തീരുമാനങ്ങൾ എത്രയും വേഗം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ ഇതിനോടകംതന്നെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പക്ഷേ കേന്ദ്ര ഗവൺമെന്റ് നാളിതുവരെയായതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പെൻഷൻ ഫണ്ടിന്റെ മൂല്യ നിർണ്ണയം ചെയ്യുന്നതിന് ഒരു ആക്ച്വറിയെ നിയമിച്ചിട്ടുണ്ടെന്ന് മുൻ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി 19-1-2009-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിരവധി നിവേദനങ്ങൾ അടിയന്തര നടപടികൾക്കായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ നൽകിയിട്ടുണ്ട്.

(14) പ്ലസ് ടു പരീക്ഷയുടെ മാർക്ക്

ശ്രീമതി കെ. എസ്. സലീഖ: സർ, മെഡിക്കൽ പ്രവേശനത്തിന് എൻട്രൻസ് മാർക്കിനൊപ്പം പ്ലസ് ടു മാർക്കുംകൂടി പരിഗണിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. മെഡിക്കൽ പ്രവേശനത്തിന് നിലവിൽ എൻട്രൻസ് മാർക്ക് മാത്രമാണ് പരിഗണിക്കുന്നത്. അതേസമയം എഞ്ചിനീയറിംഗ് പ്രവേശനത്തിന് 2011 മുതൽ പ്ലസ് ടു പരീക്ഷയുടെയും എൻട്രൻസ പരീക്ഷയുടെയും മാർക്ക് തുല്യമായി പരിഗണിച്ചുകൊണ്ടാണ് പട്ടിക തയ്യാറാക്കുവാൻ പോകുന്നത്. ഏറ്റവും നല്ല കാര്യമാണ്. മെഡിക്കൽ പ്രവേശനത്തിനും പ്ലസ് ടു പരീക്ഷയുടെ മാർക്കുകൂടി പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് അതിന്റെ ഗുണം ലഭിക്കുന്നത്. ഇപ്പോൾ പ്ലസ് ടുവിന് 99 ശതമാനം മാർക്കൊക്കെ കിട്ടുന്ന സാധാരണക്കാരായ കുട്ടികൾക്ക് മെഡിക്കൽ പ്രവേശനത്തിനുള്ള സാധ്യത വളരെ പുറകിലാണ്. എന്നാൽ പ്ലസ് ടു-വിന് 86 ശതമാനം മാർക്ക് കിട്ടുന്ന കുട്ടികൾ ഉൾപ്പെടെ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ ഉള്ളവരാണെങ്കിൽ പണം ചെലവഴിച്ചുകൊണ്ട് കോച്ചിംഗിനു പോയി മെഡിക്കൽ പ്രവേശനത്തിന് അർഹത നേടുന്ന ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് സാധാരണ കുടുംബത്തിൽ നിന്ന് വരുന്ന മിടുക്കരായ കുട്ടികൾക്ക് സഹായകരമായ വിധത്തിൽ 2011 മുതൽ മെഡിക്കൽ പ്രവേശനത്തിനും പ്ലസ് ടു-വിന്റെ മാർക്ക്കൂടി തുല്യമായി പരിഗണിക്കണമെന്നുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : ബഹുമാനപ്പെട്ട അംഗം പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഒരു വിദഗ്ദ്ധ സമിതി ഇതു സംബന്ധിച്ച് പഠിച്ച് നൽകിയിട്ടുള്ള ശുപാർശകളും ഇത്തരത്തിലുള്ളതാണ്. എന്നാൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിയോടുകൂടി മാത്രമേ ഇത്തരത്തിലൊരു മാറ്റം വരുത്താൻ കഴിയുകയുള്ളൂ. അവരുടെ അനുമതിക്കുവേണ്ടി അഭ്യർത്ഥിച്ചപ്പോൾ അവർ പറഞ്ഞത് നിയമസഭ ഇതു സംബന്ധിച്ച് ഒരു നിയമ ഭേദഗതി കൊണ്ടുവന്ന് പാസ്സാക്കിയതിനു ശേഷം ഞങ്ങൾക്ക് അയച്ചു തരിക. അപ്പോൾ ഞങ്ങൾ അത് പരിശോധിച്ച് തീരുമാനമെടുക്കാമെന്നാണ്. ഒരു വർഷത്തെ താമസമേ ഉണ്ടാകുകയുള്ളൂ. ഈ നടപടിക്രമം നമുക്ക് പാലിക്കാനാകും.

(15) സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ

ശ്രീ. സാജുപോൾ: സർ, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ കോതമംഗലം, പെരുമ്പാവൂർ, അങ്കമാലി, മൂവാറ്റുപുഴ തുടങ്ങിയ സ്ഥലങ്ങളിൽ ഒരു ആശുപത്രികളിലും ലഭിക്കുന്നില്ല. ഈ കാർഡ് കൊണ്ടുചെന്നാൽ സ്മാർട്ട് ആകുന്ന സ്ഥിതി ഇപ്പോഴില്ല. ജില്ലാ തലത്തിലുള്ള ആശുപത്രികൾ ഒഴിച്ച് മറ്റ് സ്ഥലങ്ങളിൽ കിട്ടാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ അത് എല്ലാ ആശുപത്രികളിലും ലഭ്യമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം): സംസ്ഥാനത്ത് യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരമാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നത്. തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർ വഴിയാണ് ഇൻഷ്വറൻസ് പദ്ധതിയിൽ ആശുപത്രി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. രണ്ടാം വർഷ എൻറോൾമെന്റ് നടപടികൾ 2010 സെപ്തംബർ വരെ നീണ്ടുപോയതിനാലും ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിൽ ഈ വർഷം പുതിയ ടി.പി.എ. മാരെ നിയമിച്ചതുമൂലവും ആശുപത്രികളുമായുള്ള ഇടപാടുകൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നു. ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ചില ആശുപത്രികളെ ഒഴിവാക്കി. ചില ആശുപത്രികൾ പദ്ധതിയിൽനിന്നും സ്വയം പിൻവാങ്ങി. ഈ കാരണങ്ങളാൽ ഈ വർഷം ആദ്യ മാസങ്ങളിൽ സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉദ്ദേശിച്ച രീതിയിൽ ലഭ്യമാകാതെ വന്നു. എന്നാൽ സർക്കാർ തലത്തിൽ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ ചിയാക് നടത്തിയ നിരന്തര ഇടപെടലുകളുടെ ഫലമായി സ്മാർട്ട് കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ 128 സ്വകാര്യ ആശുപത്രികളിലൂടെയും 142 സർക്കാർ ആശുപത്രികളിലൂടെയും നൽകിവരുന്നുണ്ട്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ കൊണ്ടുവരാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പരിയാരം സഹകരണ മെഡിക്കൽ കോളേജ്, സൂപ്പർ സ്പെഷ്യാലിറ്റി ഫെസിലിറ്റിയുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly